2026
FEBRUARY
03
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## കേരളത്തിനുള്ള റെയിൽവേ വിഹിതം

# പത്തിരട്ടി വർദ്ധിപ്പിച്ചു



**ന്യൂഡൽഹി:** കേരളത്തിന്റെ റെയിൽവേ അടിസ്ഥാനസൗകര്യവികസനത്തിന് ഗതിവേഗം പകർന്ന്, സംസ്ഥാനത്തിനുള്ള റെയിൽവേ വിഹിതത്തിൽ ചരിത്രപരമായ വർദ്ധന പ്രഖ്യാപിച്ച് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. 2026-27ലെ കേന്ദ്ര ബജറ്റ് പ്രകാരം, കേരളത്തിനുള്ള വാർഷിക ശരാശരി റെയിൽവേ വിഹിതം 3,795 കോടി രൂപയായി വർധിപ്പിച്ചുവെന്നും 2009-14 കാലഘട്ടത്തിലെ ശരാശരി വിഹിതമായ 372 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം പത്തിരട്ടി വർദ്ധനയാണിതെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. 'പുതിയ പാതകളുടെ നിർമ്മാണം, സ്റ്റേഷൻ നവീകരണം, സുരക്ഷാ വികസന പ്രവർത്തനങ്ങൾ എന്നിവയുൾപ്പെടെ 18,041കോടിയിലധികം രൂപയുടെ പദ്ധതികൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

അമൃത് സ്റ്റേഷൻ പദ്ധതിക്ക് കീഴിൽ, യാത്രക്കാർക്ക് ലോകോത്തര സൗകര്യങ്ങളും മികച്ച യാത്രാനുഭവവും പ്രദാനം ചെയ്യുന്നതിനായി കേരളത്തിലെ 35 റെയിൽവേ സ്റ്റേഷനുകളെ സമഗ്രമായ പുനർവികസനത്തിനായി തെരഞ്ഞെടുത്തു. സ്റ്റേഷൻ നവീകരണത്തിനായി 2,989 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. ചിറയിൻകീഴ്, വടകര, കുറ്റിപ്പുറം, ഷൊർണൂർ ജങ്ഷൻ (ഒന്നാം ഘട്ടം), ചങ്ങനാശ്ശേരി, വടക്കാഞ്ചേരി എന്നീ ആറ് സ്റ്റേഷനുകളിൽ പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഇത് യാത്രക്കാരുടെ സൗകര്യങ്ങളിലും അടിസ്ഥാനസൗകര്യങ്ങളിലും വലിയ പുരോഗതി കൊണ്ടുവന്നു. മൂന്ന് വന്ദേ ഭാരത് എക്സ്പ്രസ് സർവീസുകളും മൂന്ന് അമൃത് ഭാരത് എക്സ്പ്രസ് സർവീസുകളും ഉൾപ്പെടെയുള്ള പ്രീമിയം ട്രെയിൻ സർവീസുകളുടെ വിപുലീകരണത്തിന് കേരളം സാക്ഷ്യം വഹിച്ചുവെന്ന് മന്ത്രി പറഞ്ഞു. ഇത് ഹ്രസ്വദൂര യാത്രക്കാർക്കും ദീർഘദൂര യാത്രക്കാർക്കും ഒരുപോലെ യാത്രാക്ഷമതയും സൗകര്യവും വർദ്ധിപ്പിച്ചു.

2014ന് ശേഷം കേരളത്തിൽ ഏകദേശം 125 കിലോമീറ്റർ പുതിയ റെയിൽ പാതകൾ നിർമ്മിച്ചു. സംസ്ഥാനത്തെ റെയിൽവേ ശൃംഖല ഇപ്പോൾ 100 ശതമാനം വൈദ്യുതവൽക്കരിച്ചു. ഈ കാലയളവിൽ 493 കിലോമീറ്റർ റെയിൽ പാതകളാണ് വൈദ്യുതീകരിച്ചത്. ഇത് വേഗതയേറിയതും മലിനീകരണമില്ലാത്തതും ഊർജ്ജക്ഷമവുമായ ട്രെയിൻ സർവീസുകൾക്ക് സഹായകമാകുന്നു. കൂടാതെ, ലെവൽ ക്രോസുകൾ ഒഴിവാക്കുന്നതിനും സുരക്ഷയും ഗതാഗത സൗകര്യവും മെച്ചപ്പെടുത്തുന്നതിനുമായി 121 ഫ്ളൈ ഓവറുകളും അടിപ്പാതകളും നിർമ്മിച്ചു.

ട്രെയിനുകൾ തമ്മിലുള്ള കൂട്ടിയിടി ഒഴിവാക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമുള്ള അത്യാധുനിക സംവിധാനമായ 'കവച്' സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരികയാണ്. 107 റൂട്ട് കിലോമീറ്റർ ദൂരത്തേക്കുള്ള നിർമ്മാണ പ്രവർത്തനങ്ങളും ടെൻഡർ നടപടികളും പുരോഗമിക്കുന്നു. റെയിൽവേയുടെ ഈ ഉദ്യമങ്ങൾ യാത്രക്കാരുടെ സൗകര്യവും സുരക്ഷയും മെച്ചപ്പെടുത്തുക മാത്രമല്ല, വിനോദസഞ്ചാരം, വ്യാപാരം, പ്രാദേശിക സമ്പർക്കസൗകര്യം എന്നിവ വർദ്ധിപ്പിക്കുന്നതിലൂടെ കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് മന്ത്രി പറഞ്ഞു.

## മൈ ഭാരത് ബജറ്റ് ക്വസ്റ്റ് 2026ന് തുടക്കം

**ന്യൂഡൽഹി:** കേന്ദ്ര ബജറ്റിനെക്കുറിച്ച് രാജ്യത്തെ യുവജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനും ബജറ്റ് നിർദ്ദേശങ്ങൾ കൂടുതൽ ലളിതവും പൗരകേന്ദ്രീകൃതവുമാക്കുന്നതിനുമായി 'മൈ ഭാരത് ബജറ്റ് ക്വസ്റ്റ് 2026' എന്ന ദേശീയതല സംരംഭത്തിന് കേന്ദ്ര യുവജനകാര്യ, കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ഇന്ന് തുടക്കം കുറിച്ചു. ഘടനാപരവും പങ്കാളിത്തപരവുമായ ഒരു ചട്ടക്കൂടിലൂടെ രാജ്യത്തുടനീളമുള്ള കോളേജുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവജനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് 2026 ലെ കേന്ദ്ര ബജറ്റിനെ സാധാരണക്കാരുടെ ദൈനംദിന ജീവിതവുമായി ബന്ധിപ്പിക്കാനാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.

മത്സരം ഇന്ന് മുതൽ മൈ ഭാരത് പ്ലാറ്റ്ഫോമിൽ (https://mybharat.gov.in/)ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി അറിയിച്ചു. മൈ ഭാരത് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യുവജനങ്ങൾക്കായി 2026ലെ കേന്ദ്ര ബജറ്റിനെ ആസ്പദമാക്കി നടത്തുന്ന ദേശീയതല ഓൺലൈൻ ക്വിസ് മത്സരമാണിത്. ഫെബ്രുവരി 17 ആണ് മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള അവസാന തീയതി. ഇതിന് ശേഷം ഓരോ സംസ്ഥാനത്തുനിന്നും കേന്ദ്രഭരണ പ്രദേശത്തുനിന്നും മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്നവരെ തിരഞ്ഞെടുക്കും. ഇവർക്കായി 2026 ഫെബ്രുവരി 17 മുതൽ മാർച്ച് 3 വരെ രണ്ടാം ഘട്ടമായി ഉപന്യാസ രചനാ മത്സരം നടത്തും. വികസിത ഭാരതം എന്ന ദർശനവുമായി പൊരുത്തപ്പെടുന്ന കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ട 8 വിഷയങ്ങളാണ് ഉപന്യാസ രചനയ്ക്കായി നൽകുക. ഇതിലൂടെ യുവജനങ്ങൾക്ക് അവരുടെ കാഴ്ചപ്പാടുകളും ആശയങ്ങളും പങ്കുവെയ്ക്കാം.

# ഹൈഡ്രജൻ ബസുകൾ നിരത്തിലിറക്കാനൊരുങ്ങി സിയാൽ



**കൊച്ചി:** യാത്രക്കാർക്കായി ഹൈഡ്രജൻ ബസുകൾ നിരത്തിലിറക്കുന്ന രാജ്യത്തെ ആദ്യ വിമാനത്താവളമാകാൻ സിയാൽ. ഇതിനായി കേരള ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ (KHVIC) ഫൗണ്ടേഷനും സിയാലും തമ്മിലുള്ള ധാരണാപത്രം ഒപ്പുവച്ചു. സിയാലിലെ 0484 എയ്റോ ലോഞ്ചിൽ നടന്ന ചടങ്ങിൽ, കേരള ഹൈഡ്രജൻ വാലി ഫൗണ്ടേഷനെ പ്രതിനിധീകരിച്ച് വൈദ്യുതി മന്ത്രിയും അനെർട്ട് ഭരണസമിതി ചെയർമാനുമായ കെ. കൃഷ്ണൻകുട്ടിയും, സിയാൽ ഡയറക്ടറും വ്യവസായ, നിയമ വകുപ്പ് മന്ത്രിയുമായ അഡ്വ. പി. രാജീവുമാണ് ധാരണാപത്രം കൈമാറിയത്.കേരള ഹൈഡ്രജൻ വാലി പദ്ധതിയുടെ ഭാഗമായി, ദേശീയ ഗ്രീൻ ഹൈഡ്രജൻ മിഷനിന്റെ പിന്തുണയോടെ, കൊച്ചി വിമാനത്താവളത്തിൽ മൂന്ന് ഹൈഡ്രജൻ ഫ്യൂവൽ സെൽ ഇലക്ട്രിക് ബസുകൾ പ്രവർത്തനത്തിൽ കൊണ്ടുവരുന്നതാണ് പദ്ധതി. ബസുകൾ വാങ്ങുന്നതിനായി ഓരോ ബസിനും പരമാവധി 2.90 കോടി രൂപ വീതം, മൊത്തം 8.7 കോടി രൂപയുടെ ധനസഹായം ഘട്ടംഘട്ടമായി കേരള HVIC ഫൗണ്ടേഷൻ നൽകും. ഒരു വർഷത്തിനകം ബസുകൾ വാങ്ങാനാണ് ലക്ഷ്യമിടുന്നത്. ബസുകളുടെ ഉടമസ്ഥാവകാശം സിയാലിനായിരിക്കും. പ്രവർത്തനച്ചെലവും മറ്റ് ചെലവുകളും സിയാൽ വഹിക്കും. ബസുകളുടെ പ്രവർത്തന മാതൃകയും റൂട്ടുകളും സിയാൽ തീരുമാനിക്കും.

പദ്ധതി നടപ്പാകുന്നതോടെ വിമാനത്താവളത്തിലെ യാത്രാസൗകര്യം കൂടുതൽ മെച്ചപ്പെടുകയും, സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ ഗതാഗത സംവിധാനങ്ങളുടെ ഉപയോഗം ശക്തിപ്പെടുകയും ചെയ്യും. സിയാലും ബി.പി.സി.എല്ലും ചേർന്ന് നിർമാണം പൂർത്തിയാക്കിയ ഗ്രീൻ ഹൈഡ്രജൻ പ്ലാന്റ് പ്രവർത്തനം തുടങ്ങുന്നതോടെ ബസുകൾക്ക് ആവശ്യമായ ഇന്ധന വിതരണം സാധ്യമാകും. ഹൈഡ്രജൻ വിതരണവുമായി ബന്ധപ്പെട്ട നിയമപരമായ അനുമതികൾ ഇതിനകം ലഭിച്ചതിനാൽ പദ്ധതി സമയബന്ധിതമായി നടപ്പാക്കാനാകുമെന്നാണ് വിലയിരുത്തൽ. സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ്, കേരള എച്ച് വി ഐ സി ഫൗണ്ടേഷൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഹർഷിൽ ആർ. മീന, കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിലെ സീനിയർ ഡയറക്ടറും ശാസ്ത്രജ്ഞനുമായ ഡോ. രഞ്ജിത് കൃഷ്ണ പൈ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.



# ഇന്നത്തെ പരിപാടി

## കൊച്ചി

- **എറണാകുളം സി എം എഫ് ആർ ഐ ഹാൾ :** ആഴക്കടൽ കാഴ്ചകളും കടലറിവുകളുമായി സിഎംഎഫ്ആർഐ പ്രദർശനം – രാവിലെ 9 മുതൽ.
- **സൗത്ത് പനമ്പിള്ളി നഗർ വെസ്റ്റൻഡ് ഓഡിറ്റോറിയം :** ട്വന്റി 20 പാർട്ടി എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ രാഷ്ട്രീയ വിശദീകരണ യോഗം – ഉദ്ഘാടനം പാർട്ടി സംസ്ഥാന വൈസ് ചെയർമാൻ വി. ഗോപകുമാർ – വൈകിട്ട് 4 ന്.
- **എറണാകുളം ചാവറ ലൈബ്രറി ഹാൾ :** ചലച്ചിത്ര പ്രദർശനവും പ്രഭാഷണവും – വൈകിട്ട് 5.45ന്.
- **കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം :** വനിത ഉത്സവ് 2026 – ഉച്ചയ്ക്ക് 1 മണി മുതൽ രാത്രി 9 മണി വരെ.
- **കേരള കഥകളി സെന്റർ :** ക്ലാസ്സിക്കൽ മ്യൂസിക് ഷോ – രാത്രി 8ന്.
- **കടവന്ത്ര ഹോട്ടൽ റാഡിസൺ ബ്ലൂ:** വിദേശ വിദ്യാഭ്യാസ മേഖലയിലെ സ്ഥാപനമായ സാൽവേ മരിയയുടെ ആഭിമുഖ്യത്തിൽ ഓസ്ട്രേലിയൻ എജ്യുക്കേഷൻ ഫെയറും, ലോൺ മേളയും – ഉച്ചയ്ക്ക് 2.30 മുതൽ

## കോതമംഗലം

- **കോതമംഗലം എക്സൈസ് ഓഫീസ് :** പാട്ടുകൊട്ടി ബോധവൽക്കരണ സംഗമം – രാവിലെ 10ന്.

## മൂവാറ്റുപുഴ

- **മാറാടി പഞ്ചായത്ത് ലൈബ്രറി ഹാൾ :** വ്യവസായ വകുപ്പിന്റെ സംരംഭക വർഷം 4.0 പദ്ധതിയുടെ ഭാഗമായി പൊതു ബോധവൽക്കരണ ശിൽപശാല – രാവിലെ 10.30ന്.

## കടമക്കുടി

- **കടമക്കുടി സെന്റ് അഗസ്റ്റിൻ ദേവാലയം :** തിരുന്നാൾ – വൈകിട്ട് 6.30ന്.
- **നിഹാര റിസോർട്ട് ആൻഡ് സ്പാ :** കടമക്കുടി ഫുഡ് ഫെസ്റ്റിവൽ – വൈകിട്ട് 6.30ന്.

## തൃപ്പൂണിത്തുറ

- **സെന്റ് മേരീസ് ഫൊറോന പള്ളി :** പരിശുദ്ധ കന്യകാമാതാവിന്റെ ശുദ്ധീകരണ ദർശന തിരുനാൾ – രാവിലെ 6 മുതൽ

# കനകധാരാ യാഗം : വിളംബരം നടന്നു



*എറണാകുളത്ത് നടക്കുന്ന ശ്രീമത് കനകധാരാ യാഗത്തിന് മുന്നോടിയായി സംഘടിപ്പിച്ച യാഗ വിളംബരം ആലുവ അദ്വൈതാശ്രമം സെക്രട്ടറി സ്വാമി ധർമ്മ ചൈതന്യ ഉദ്ഘാടനം ചെയ്യുന്നു. ഡോ. പള്ളിക്കൽ സുനിൽ, ടി ആർ ദേവൻ, കെ.കെ തമ്പി, കെ. വി ഷാജി, ടി. ആർ മധു. പി. എസ് രാജശേഖരൻ പിള്ള, കെ. പി ശിവദാസ്, രതീഷ് ഹരിഹരൻ, പി.പി സുധീർ തുടങ്ങിയവർ സമീപം.*

**കൊച്ചി:** എറണാകുളത്ത് നടക്കുന്ന ശ്രീമദ് കനകധാരാ യാഗത്തിന് മുന്നോടിയായി സംഘടിപ്പിച്ച യാഗ വിളംബരം ആലുവ അദ്വൈതാശ്രമം സെക്രട്ടറി സ്വാമി ധർമ്മ ചൈതന്യ ഉദ്ഘാടനം ചെയ്തു. കനകാസ്തവം എന്ന പേരിൽ അറിയപ്പെടുന്ന ലക്ഷ്മി ദേവി സ്തുതി മന്ത്രം ഉരുവിട്ട്കൊണ്ട് ടൺ കണക്കിന് നെല്ലിക്ക ഹോമകുണ്ഠത്തിൽ സമർപ്പിച്ച് മഹാലക്ഷ്മിയെ പ്രീതിപ്പെടുത്തുന്ന യാഗമാണ് കനകധാരാ മഹായാഗമെന്ന് സ്വാമി ധർമ്മചൈതന്യ പറഞ്ഞു. ശ്രീമദ് കനകധാരാ യാഗം ഏപ്രിൽ 17. 18. 19 തീയതികളിലാണ് എറണാകുളത്ത് നടക്കുകയെന്ന് ചടങ്ങിൽ ഓൺലൈനായി പങ്കെടുത്ത യാഗ സമിതി ചെയർമാൻ കൈതപ്രം ദാമോദരൻ നമ്പൂതിരി പറഞ്ഞു. യാഗ സമിതി വൈസ് ചെയർമാൻ ഡോ. പള്ളിക്കൽ സുനിൽ ചടങ്ങിൽ അനുഗ്രഹ പ്രഭാഷണവും ധീവരസഭ സംസ്ഥാന സെക്രട്ടറി കെ.കെ തമ്പി മുഖ്യപ്രഭാഷണവും നടത്തി. ഹിന്ദു ദേവസ്വം ബോർഡ് സെക്രട്ടറി ടി ആർ ദേവൻ , മുൻ ഗുരുവായൂർ ദേവസ്വം ബോർഡ് അംഗം കെ. വി ഷാജി. വിശ്വകർമ്മ സഭാ സെക്രട്ടറി ടി. ആർ മധു. പി. എസ് രാജശേഖരൻ പിള്ള. ബോർഡ് ഭാരവാഹികളായ കെ. പി ശിവദാസ്, രതീഷ് ഹരിഹരൻ, പി.പി സുധീർ, ആർ. ഗിരീഷ്, അഡ്വ. പി.ജി അനൂപ്, കെ. വി സാബു തുടങ്ങിയവർ പ്രസംഗിച്ചു. കെ ബി മുരുകൻ, ജിൻസൺ പി എൽ, മുരുകൻ എന്നിവർ നേതൃത്വം നൽകി.



**ഭാഗ്യം ഷുവർ ഉണ്ടല്ലോ........** കൊച്ചിയിലെ എറണാകുളത്തപ്പൻ ഗ്രൗണ്ടിന് സമീപം വഴി വാണിഭം നടത്തുന്ന നോർത്ത് ഇന്ത്യക്കാർ ഉച്ചനേരത്തെ ഭക്ഷണത്തിനായി ഫുട്പാത്തിൽ അടുപ്പുണ്ടാക്കി ഭക്ഷണം ചെയ്യുന്നു . കാറ്റിന്റെ ഗതി നിയന്ത്രിക്കാൻ സമീപത്തു നിന്നും കിട്ടിയ അമിതാബച്ചന്റെ ഫോട്ടോകൾ കൊള്ളുന്ന ഒരു ഫ്ളക്സ് ബോർഡും കൂട്ടിനുണ്ട്.

ഫോട്ടോ– എ. എസ് സതീഷ് .

# യുവാക്കളെ രാഷ്ട്രീയവത്കരിക്കാൻ യുവജന സംഘടനകൾക്ക് സാധിക്കണം: സ്പീക്കർ



**കൊച്ചി:** യുവാക്കൾ പൂർണ്ണമായും അരാഷ്ട്രീയവത്ക്കരിക്കപ്പെട്ടുവെന്ന് വിശ്വസിക്കുന്നില്ലെന്ന് സ്പീക്കർ എ.എൻ ഷംസീർ. കക്ഷി രാഷ്ട്രീയത്തോട് താൽപര്യം കുറഞ്ഞിരിക്കാം എങ്കിലും ജനാധിപത്യ പ്രക്രിയയിൽ യുവാക്കൾ ഭാഗമാകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജയിൻ യൂണിവേഴ്സിറ്റി സമ്മിറ്റ് ഓഫ് ഫ്യൂച്ചറിന്റെ ഭാഗമായി നടന്ന സ്പീക്ക് ഫോർ ഫ്യൂച്ചർ എന്ന സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യുവാക്കളെ രാഷ്ട്രീയവൽക്കരിക്കാൻ യുവജന സംഘടനകൾക്ക് സാധിക്കണം. രാഷ്ട്രീയമാണ് നാടിനെ രൂപപ്പെടുത്തിയത്.

റീൽസിനപ്പുറത്തേക്ക് റിയൽ ലൈഫ് പ്രശ്നങ്ങളെ മനസ്സിലാക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനും നമുക്ക് കഴിയണമെന്നും പിആറിനല്ല ജനങ്ങളുടെ പ്രശ്നങ്ങളിൽ സത്യസന്ധമായും ആത്മാർത്ഥമായും ഇടപെടുന്ന രാഷ്ട്രീയത്തിന് മാത്രമേ നിലനിൽപ്പ് ഉണ്ടാകു. വിദ്യാഭ്യാസം വെറുമൊരു ഡിഗ്രി നേടുക എന്നതിനപ്പുറത്തേക്ക് ലൈഫ് ലോങ്ങ് ലേണിംഗ് ആയി മാറണം. ഹു കെയർ മനോഭാവം അല്ല യുവാക്കൾക്ക് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ ഒന്നും നടക്കില്ല എന്നത് ഒരു തെറ്റായ വ്യാഖ്യാനമാണ്. ജയിൻ യൂണിവേഴ്സിറ്റി ഇന്ന് കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് പ്രസക്തമായി മാറുകയാണല്ലോ. കേരളത്തിൽ ഒന്നും നടക്കില്ല എന്നാണെങ്കിൽ ഇത്തരമൊരു സ്ഥാപനം ഇവിടെ നിക്ഷേപത്തിന് തയ്യാറാവുമോ? രാജ്യത്തിന്റെ വൈവിധ്യവും ബഹുസ്വരതയും തകർക്കും വിധം ഒറ്റ ഭാഷ, ഒറ്റ സംസ്കാരം, ഒറ്റ തെരഞ്ഞെടുപ്പ് എന്നിങ്ങനെ എല്ലാം ഏകീകരിക്കാനുള്ള ശ്രമം നടക്കുകയാണ്. ഈ നീക്കങ്ങളെ പ്രതിരോധിക്കാനും ഭരണഘടനയെയും ബഹുസ്വരതയെയും സംരക്ഷിക്കാനും നമുക്ക് ഓരോരുത്തർക്കും സാധിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി. ജയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം എം ജോസഫും സെഷനിൽ പങ്കെടുത്തു.

# പാചകവാതക വിലവർധനവ് ഹോട്ടൽ മേഖലയെ തകർക്കും : കെ.എച്ച്.ആർ.എ

**കൊച്ചി :** രാജ്യത്ത് വാണിജ്യ പാചകവാതക സിലിണ്ടറുകളുടെ വില വീണ്ടും വർദ്ധിപ്പിച്ചത് കേരളത്തിൽ ഹോട്ടൽ വ്യവസായത്തെ കടുത്ത പ്രതിസന്ധിയിലാക്കുമെന്ന് കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ. സിലിണ്ടറിന് ഒറ്റയടിക്ക് 49 രൂപ വർദ്ധിപ്പിച്ച നടപടി ഒരുതരത്തിലും അംഗീകരിക്കാനാവില്ല. കഴിഞ്ഞ മാസവും പാചകവാതകത്തിന് വിലവർദ്ധിപ്പിച്ചിരുന്നു.

വിലവർദ്ധനവ് ഹോട്ടൽ റസ്റ്റോറന്റ്, ബേക്കറി, കാറ്ററിംഗ് യൂണിറ്റുകളുടെ പ്രവർത്തനചെലവ് കുത്തനെകൂട്ടും. നിത്യോപയോഗസാധനങ്ങളുടേയും പച്ചക്കറികളുടേയും വിലക്കയറ്റത്തിനു പുറമെ പാചകവാതക വിലയും വർദ്ധിപ്പിച്ചത് ഹോട്ടൽ മേഖലയെ തകർക്കും. ഈ മേഖലയുമായി നേരിട്ടും അല്ലാതെയും പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുടേയും, ചെറുകിട സംരംഭകരെയും ദോഷകരമായി ബാധിക്കുന്ന തീരുമാനമാണ് പാചകവാതക വിലവർദ്ധനവ്.

അന്യായമായി വർദ്ധിപ്പിച്ച പാചകവാതക വില പിൻവലിക്കുവാൻ കേന്ദ്രസർക്കാർ അടിയന്തിരമായി ഇടപെടണമെന്നും, അല്ലാത്ത പക്ഷം ശക്തമായ സമര പരിപാടികളുമായി മുന്നോട്ടുപോകുമെന്നും സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും, ജനറൽ സെക്രട്ടറി എൻ. അബ്ദുൾ റസാഖും അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സുസ്ഥിര വികസനം: സെമിനാർ നടത്തി




*പിഎച്ച്ഡിസിസി ഐ കേരള ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഡ്രൈവിംഗ് കേരള സസ്റ്റൈനബിൾ ഫ്യൂച്ചർ എന്ന വിഷയത്തിൽ നടത്തിയ സെമിനാർ പിഎച്ച്ഡിസിസി ഐ സിഇഒയും സെക്രട്ടറി ജനറലുമായ രഞ്ജിത്ത് മേത്ത ഉദ്ഘാടനം ചെയ്യുന്നു. ഡോ. പി.ബി ബോസ്, ജോൺ സൈമൺ, മിഥിലേഷ്കുമാർ തുടങ്ങിയവർ സമീപം*

**കൊച്ചി:** പി.എച്ച്.ഡി.സി.സി.ഐ കേരള ചാപ്റ്ററിന്റെ നേതൃത്വത്തിൽ 'ഡ്രൈവിംഗ് കേരള സസ്റ്റൈനബിൾ ഫ്യൂച്ചർ' എന്ന വിഷയത്തിൽ സെമിനാർ നടത്തി. പിഎച്ച്ഡിസിസിഐ സിഇഒയും സെക്രട്ടറി ജനറലുമായ രഞ്ജിത്ത് മേത്ത സെമിനാർ ഉദ്ഘാടനം ചെയ്തു. എല്ലാ വ്യവസായ മേഖലകളുടെയും പ്രധാന ലക്ഷ്യം സുസ്ഥിര വികസനമായിരിക്കണമെന്നും ഈ ലക്ഷ്യം മുൻ നിർത്തി വേണം ബിസിനസ് മേഖലയിൽ പ്രവർത്തിക്കുന്നവർ മുന്നോട്ടു പോകേണ്ടതെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പിഎച്ച്ഡിസിസി ഐ കേരള ചാപ്റ്റർ കോചെയർപേഴ്സൺ ഡോ. പി.ബി ബോസ് അധ്യക്ഷത വഹിച്ചു. ഡോ. തോമസ് നെച്ചുപ്പാടം, ജോൺ സൈമൺ, ഡോ. എൻ. എം ഷറഫുദ്ദീൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ പ്രസംഗിച്ചു. വ്യവസായ മേഖലയിലെ പ്രമുഖരെ കൂടാതെ കുസാറ്റ് പരിസ്ഥിതി വിഭാഗത്തിലെ അധ്യാപകരും വിദ്യാർഥികളുമുൾപ്പെടെ നിരവധി പേർ സെമിനാറിൽ പങ്കെടുത്തു.

# സി.ജെ.റോയിയുടെ മരണം : കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് അനുശോചന യോഗം നടത്തി




*അന്തരിച്ച പ്രമുഖ വ്യവസായി സി.ജെ.റോയിക്ക് മെഴുകുതിരി കത്തിച്ച് കെ.വി.വി.ഇ.എസ് എറണാകുളം ജില്ല യൂത്ത് വിംഗ് പ്രവർത്തകർ ഹൈക്കോടതി ജംഗ്ഷനിൽ ആദരാഞ്ജലി അർപ്പിക്കുന്നു. മുൻ എം.പി. സെബാസ്റ്റിയൻ പോൾ, പി.സി.ജേക്കബ്, പ്രദീപ് ജോസ്, സി.എസ്.രാമചന്ദ്രൻ, കെ.സി.മുരളീധരൻ, ജയ പീറ്റർ, സിന്ധു രമേഷ്, ശ്രീനാഥ് മംഗലത്ത്, അജ്മൽ കാമ്പായി തുടങ്ങിയവർ മുൻ നിരയിൽ*

**കൊച്ചി :** സ്വപ്രയത്നം കൊണ്ട് ഭവന നിർമ്മാണ രംഗത്ത് കോൺഫിഡന്റ് ഗ്രൂപ്പ് എന്ന പേരിൽ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച സംരംഭം കെട്ടിപ്പടുത്ത വ്യക്തിത്വമായിരുന്നു സി.ജെ.റോയി എന്ന് മുൻ എം.പി സെബാസ്റ്റ്യൻ പോൾ. ഒരു രൂപ പോലും കടമില്ലാതെയും, കടമെടുക്കാതെയും ബിസിനസ്സ് നയിച്ച വ്യക്തിയായിരുന്നു അദ്ദേഹമെന്നും, അദ്ദേഹത്തെ മരണത്തിലേയ്ക്ക് നയിച്ച കാരണങ്ങൾ ജുഡീഷ്യൽ അന്വേഷണത്തിലൂടെ പുറത്തുകൊണ്ടുവരണമെന്നും സെബാസ്റ്റിയൻ പോൾ ആവശ്യപ്പെട്ടു.

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ല യൂത്ത് വിംഗ് എറണാകുളത്ത് സംഘടിപ്പിച്ച അനുശോചന യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ യൂത്ത് വിംഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രദീപ് ജോസ് അധ്യക്ഷത വഹിച്ചു. സി.ജെ റോയിയുടെ മരണം അദ്ദേഹത്തിന്റെ കുടുംബത്തിനും വ്യാപാര സമൂഹത്തിനും ഒരുപോലെ തീരാനഷ്ടമാണ് വരുത്തിയിരിക്കുന്നതെന്ന് കെ.വി.വി.ഇ.എസ് ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ് പറഞ്ഞു. സി.ജെ റോയിയുടെ മരണം നടന്നിട്ട് അദ്ദേത്തിന്റെ പ്രവർത്തന മേഖലയിൽ വിവിധ സംഘടനകൾ ഉണ്ടായിട്ടും ആരും അനുശോചിക്കാത്തത് അത്ഭുതപ്പെടുത്തുന്നുവെന്ന് കെ.വി.വി.ഇ.എസ് ജില്ലാ സെക്രട്ടറിയും, പുനരധിവാസ കമ്മിറ്റി ചെയർമാനുമായ ഷാജഹാൻ അബ്ദുൾ ഖാദർ കുറ്റപ്പെടുത്തി.

ജില്ലാ ജനറൽ സെക്രട്ടറി സി.എസ്.രാമചന്ദ്രൻ, കത്രികടവ് യൂണിറ്റ് പ്രസിഡന്റ് കെ.മുഹമ്മദാലി, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, സംസ്ഥാന സെക്രട്ടറി സിന്ധുരമേഷ്, പച്ചാളം യൂണിറ്റ് വർക്കിംഗ് പ്രസിഡന്റ് സുരേഷ് ഗോപി, യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി കെ.സി. മുരളീധരൻ, ശ്രീനാഥ് മംഗലത്ത്, ജില്ലാ ജനറൽ സെക്രട്ടറി വിനോദ് ബേബി, ട്രഷറർ അജ്മൽ കാമ്പായി, ബിനു തേവര, പി.പി.രാഹുൽ, അനൂപ് ചിറ്റൂർ, ദീപു ജോസഫ്, മാർട്ടിൻ ചങ്ങമ്പുഴ, റോയി തേവര തുടങ്ങിയർ അനുശോചനയോഗത്തിൽ പ്രസംഗിച്ചു. തുടർന്ന് യുവ വ്യാപാരികൾ ഹൈക്കോടതി ജംഗ്ഷനിൽ മെഴുകുതിരി കത്തിച്ച് സി.ജെ.റോയിക്ക് ആദരാഞ്ജലിയും അർപ്പിച്ചു.

# വോട്ടർ ബോധവൽക്കരണം: കൊച്ചിയിൽ സൈക്കിൾ റാലി സംഘടിപ്പിച്ചു




**കൊച്ചി:** വരാനിരിക്കുന്ന തിരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടർമാരെ ബോധവൽക്കരിക്കുന്നതിനും ജനാധിപത്യ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി ജില്ലാ ഇലക്ഷൻ വിഭാഗവും (സ്വീപ് ) സി3 സൈക്ലിംഗ് ക്ലബ്ബും സംയുക്തമായി കൊച്ചിയിൽ സൈക്കിൾ റാലി സംഘടിപ്പിച്ചു. കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ നിന്ന് ആരംഭിച്ച റാലി സബ് കളക്ടർ ഗ്രന്ഥെ സായ് കൃഷ്ണ ഫ്ളാഗ് ഓഫ് ചെയ്തു. രാവിലെ 6.30ന് ആരംഭിച്ച റാലി വൈറ്റില, പാലാരിവട്ടം, ഹൈക്കോടതി വഴി സഞ്ചരിച്ച് തിരികെ ഇൻഡോർ സ്റ്റേഡിയത്തിൽ സമാപിച്ചു. 75ഓളം സൈക്ലിസ്റ്റുകൾ പങ്കെടുത്ത റാലിക്ക് ആവേശം പകരാൻ സ്പൈസ്കോസ്റ്റ് കൊച്ചിൻ ഹാർലി ഓണേഴ്സ് ഗ്രൂപ്പിന്റെ ബൈക്ക് റാലിയും അകമ്പടിയായി എത്തി. റാലിയുടെ സമാപന ചടങ്ങിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ സബ് കളക്ടർ വിതരണം ചെയ്തു. പരമാവധി വോട്ടർ പങ്കാളിത്തം ഉറപ്പാക്കാനുള്ള ജില്ലാ ഭരണകൂടത്തിന്റെ വിവിധ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായാണ് റാലി സംഘടിപ്പിച്ചത്. കണയന്നൂർ താലൂക് റവന്യൂ റിക്കവറി വിഭാഗം തഹസിൽദാർ ജോസഫ് ആന്റണി ഹെർടിസ്, ഹെഡ് ക്ലർക്ക് ടി.എം ജബ്ബാർ തുടങ്ങിയവർ സംസാരിച്ചു.

# സി.എം മെഗാ ക്വിസ്; ജില്ലാതല മത്സരം ഇന്ന്

**കൊച്ചി:** കേരളത്തിന്റെ സാമൂഹിക ചരിത്രം അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന സി.എം. മെഗാ ക്വിസ് മത്സരത്തിന്റെ ജില്ലാതല പോരാട്ടം ഇന്ന് സെന്റ് തെരേസാസ് കോളേജിൽ നടക്കും. രാവിലെ 9.30ന് സ്കൂൾതല മത്സരങ്ങളും ഉച്ചക്ക് 1.30 ന് കോളേജുതല മത്സരങ്ങളും ആരംഭിക്കും. രാവിലെ ഒമ്പത് മുതൽ രജിസ്ട്രേഷൻ തുടങ്ങും. സ്കൂൾതല മത്സരത്തിൽ വിവിധ വിദ്യാലയങ്ങളിൽ നിന്നായി 30 ടീമുകളും, കോളേജുതല മത്സരത്തിൽ 190 ടീമുകളും പങ്കെടുക്കും.

ജില്ലയിലെ വിജയികൾക്ക് സംസ്ഥാന തലത്തിൽ മത്സരിക്കാൻ അവസരം ഉണ്ടാകും. ജില്ലാതല മത്സര വിജയികൾക്ക് മെമന്റോ, സർട്ടിഫിക്കറ്റ് എന്നിവ സമ്മാനമായി ലഭിക്കും. ശരിയുത്തരം നൽകുന്ന കാണികൾക്കും സമ്മാനങ്ങളുണ്ടാകും. സ്കൂൾതല മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി അഞ്ച് ലക്ഷം രൂപയും രണ്ടാം സമ്മാനമായി മൂന്ന് ലക്ഷം രൂപയും, മൂന്നാം സമ്മാനമായി രണ്ട് ലക്ഷം രൂപയും ലഭിക്കും. കോളേജുതല മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി മൂന്ന് ലക്ഷം രൂപയും രണ്ടാം സമ്മാനമായി രണ്ട് ലക്ഷം രൂപയും, മൂന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും നൽകും. മെമന്റോ, പ്രശസ്തി പത്രം എന്നിവയും വിജയികൾക്ക് ലഭിക്കും. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകൾ സംയുക്തമായാണ് മത്സരം സംഘടിപ്പിക്കുന്നത്.

# റോഡ് സുരക്ഷാ മാസാചരണം: വാഹന റാലി നടത്തി

**കൊച്ചി:** റോഡ് സുരക്ഷാ മാസാചരണത്തിന്റെ ഭാഗമായി ആർ.ടി.ഒ എൻഫോഴ്സ്മെന്റും ജെയിൻ യൂണിവേഴ്സിറ്റിയും സംയുക്തമായി സംഘടിപ്പിച്ച റോഡ് സുരക്ഷാ ബോധവൽക്കരണ വാഹന റാലി നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ഫ്ളാഗ് ഓഫ് ചെയ്തു. കാക്കനാട് കിൻഫ്രാ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നിന്ന് ആരംഭിച്ച റാലി കളമശ്ശേരി എച്ച്.എം.ടി ജംഗ്ഷനിൽ സമാപിച്ചു. റോഡ് സുരക്ഷയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ റാലിയിൽ കെ.എൽ0001 സീരീസിലുള്ള വാഹനങ്ങളാണ് പങ്കെടുത്തത്.

വിന്റേജ് വാഹനങ്ങളുടെ സാന്നിധ്യം റാലിക്ക് മാറ്റുകൂട്ടി. ചടങ്ങിൽ ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ് ഡയറക്ടർ ഡോ. ടോം ജോസ്, എറണാകുളം എൻഫോഴ്സ്മെന്റ് ആർ.ടി.ഒ ബിജു ഐസക്ക്, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരായ എൻ വിനോദ് കുമാർ, പി.എസ് ഷെറിൻ ന്യൂമാൻ, പി.ടി അയ്യപ്പദാസ് തുടങ്ങിയവർ സംസാരിച്ചു.

# 'സീതാ പയനം'




അഭിനേതാവും സംവിധായകനുമായ അർജുൻ സർജ സംവിധാനം ചെയ്യുന്ന പുതിയ ചിത്രം സീതാ പയനം ഫെബ്രുവരി 14 ന് വാലന്റൈൻസ് ഡേ ദിനത്തിൽ തിയറ്ററുകളിലെത്തുമെന്ന് അണിയറ പ്രവർത്തകർ അറിയിച്ചു. ഇതോടൊപ്പം ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന പുതിയ പോസ്റ്ററും പുറത്തിറക്കിയിട്ടുണ്ട്. ചിത്രത്തിന്റെ കേരളാ വിതരണാവകാശം ഗോകുലം ഗോപാലന്റെ ശ്രീ ഗോകുലം മൂവീസാണ് നിർവഹിക്കുന്നത്.

ബഹുഭാഷാ ചിത്രമായി ഒരുങ്ങുന്ന സീതാ പയനത്തിൽ അർജുൻ സർജയുടെ മകളും അഭിനേത്രിയുമായ ഐശ്വര്യ അർജുൻ നായികയായെത്തുന്നു. നിരഞ്ജൻ സുധീന്ദ്രയാണ് ചിത്രത്തിലെ നായകൻ. അച്ഛനും മകളും ഒരുമിച്ച് അഭിനയിക്കുന്ന ചിത്രമെന്ന നിലയിലും സീതാ യാത്ര ശ്രദ്ധേയമാകുന്നു. കന്നഡ ആക്ഷൻ സൂപ്പർ സ്റ്റാർ ധ്രുവ സർജയും ശ്രദ്ധേയമായ കഥാപാത്രത്തെ സീതാ പയനത്തിൽ അവതരിപ്പിക്കുന്നുണ്ട്. ചിത്രത്തിലെ മറ്റു പ്രധാന റോളുകളിൽ പ്രകാശ് രാജ്, സത്യരാജ്, കോവൈ സരള, ബിത്തിരി സതി, സരൺ, സിരി ഹനുമന്ത്, മണി ചന്ദന, സുമിത്ര, പോസാനി കൃഷ്ണ മൂർത്തി, ജബർദസ്ത് ഫണി, ശ്രീനു, ഫിഷ് വെങ്കട്ട് തുടങ്ങിയ പ്രമുഖ താരങ്ങൾ ഉൾപ്പെടുന്ന വലിയ സഹതാര നിരയും ചിത്രത്തിലുണ്ട്. റൊമാന്റിക് ഡ്രാമ പശ്ചാത്തലത്തിൽ ഒരുക്കുന്ന സീതാ യാത്രയുടെ തിരക്കഥയും സംവിധാനവും അർജുൻ സർജ തന്നെയാണ് നിർവഹിച്ചിരിക്കുന്നത്. സംഗീതം ഒരുക്കുന്നത് അനൂപ് റൂബൻസ്. എഡിറ്റിംഗ് അയൂബ് ഖാൻ, ഛായാഗ്രഹണം ജി. ബാലമുരുകൻ എന്നിവരാണ് കൈകാര്യം ചെയ്യുന്നത്. പി ആർ ഓ പ്രതീഷ് ശേഖർ.

# ' സുഖമാണോ സുഖമാണ് '




മാത്യൂ തോമസും ദേവികാ സഞ്ജയും ആദ്യമായി സ്ക്രീനിൽ ഒരുമിക്കുന്ന 'സുഖമാണോ സുഖമാണ്' ചിത്രം ഫെബ്രുവരി 13ന് തിയേറ്ററുകളിലേക്കെത്തും. അരുൺ ലാൽ രാമചന്ദ്രനാണ് ചിത്രത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത്. ലൂസിഫർ സർക്കസിന്റെ ബാനറിൽ ഗൗരവ് ചനാനയാണ് ചിത്രത്തിന്റെ നിർമ്മാണം നിർവഹിക്കുന്നത്. സുഖമാണോ സുഖമാണ് ചിത്രത്തിന്റെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത് ജഗദീഷ്, സ്ഫടികം ജോർജ്, കുടശ്ശനാട് കനകം, നോബി മാർക്കോസ്, അഖിൽ കവലയൂർ, മണിക്കുട്ടൻ,ജിബിൻ ഗോപിനാഥ്, അബിൻ ബിനോ, തബ റീമ, ഗായത്രി മയൂര, സന്ധ്യ മനോജ് തുടങ്ങിയവരാണ്.ഡ്രീം ബിഗ് ഫിലിംസാണ് ചിത്രം കേരളത്തിലെ തിയേറ്ററുകളിലെത്തിക്കുന്നത്. ചിത്രത്തിന്റെ ഓവർസീസ് വിതരണാവകാശം പ്ലോട്ട് പിക്ചേഴ്സ് ആണ്. ലൂസിഫർ മ്യൂസികിനാണ് ചിത്രത്തിന്റെ ഓഡിയോ റൈറ്റ്സ്. ഡി.ഒ.പി : ടോബിൻ തോമസ്, എഡിറ്റർ : അപ്പു ഭട്ടതിരി, മ്യൂസിക് : നിപിൻ ബെസെന്റ്, കോ പ്രൊഡ്യൂസർ: ഗരിമ വോഹ്ര,അസ്സോസിയേറ്റ് പ്രൊഡ്യൂസർ : അർച്ചിത് ഗോയൽ, ഹെഡ് ഓഫ് പ്രൊഡക്ഷൻസ് : രാകേന്ത് പൈ, പ്രൊഡക്ഷൻ കൺട്രോളർ : ജിനു പി. കെ, സൗണ്ട് ഡിസൈൻ : കിഷൻ സപ്ത, സൗണ്ട് മിക്സിങ് : ഹരി പിഷാരടി, ആർട്ട് ഡയറക്റ്റർ : ബോബൻ കിഷോർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ : സുഹൈൽ എം, വസ്ത്രാലങ്കാരം : ഷിനു ഉഷസ്, മേക്കപ്പ് : സിജീഷ് കൊണ്ടോട്ടി, കളറിസ്റ്റ് : ലിജു പ്രഭാകർ, കാസ്റ്റിങ് : കാസ്റ്റ് മി പെർഫെക്റ്റ്, സ്റ്റിൽസ്: നന്ദു ഗോപാലകൃഷ്ണൻ, ഡിസൈൻ : മാക്ഗുഫിൻ, പി ആർ ഓ ആൻഡ് മാർക്കറ്റിംഗ് കൺസൾട്ടന്റ്: പ്രതീഷ് ശേഖർ എന്നിവരാണ് ചിത്രത്തിന്റെ അണിയറ പ്രവർത്തകർ.

# 'സ്പാ '




എബ്രിഡ് ഷൈൻ കഥയെഴുതി സംവിധാനം ചെയ്യുന്ന 'സ്പാ' ഫെബ്രുവരി 12ന് പ്രദർശനത്തിനെത്തുന്നു. ഈ ചിത്രത്തിൽ സിദ്ധാർത്ഥ് ഭരതൻ, വിനീത് തട്ടിൽ, പ്രശാന്ത് അലക്സാണ്ടർ, മേജർ രവി, വിജയ് മേനോൻ, ദിനേശ് പ്രഭാകർ, അശ്വിൻ കുമാർ, ശ്രീകാന്ത് മുരളി, കിച്ചു ടെല്ലസ്, ജോജി കെ ജോൺ, സജിമോൻ പാറയിൽ, എബി, ഫെബി, മാസ്ക് മാൻ, ശ്രുതി മേനോൻ, രാധിക രാധാകൃഷ്ണൻ, ശ്രീജ ദാസ്, പൂജിത മേനോൻ, റിമ ദത്ത, ശ്രീലക്ഷ്മി ഭട്ട്, നീന കുറുപ്പ്, മേഘ തോമസ് തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ഒരു സ്പാ സെന്ററും അവിടെ വരുന്ന വിവിധ സ്വഭാവക്കാരായ ആൾക്കാരും അവരെ ചുറ്റിപ്പറ്റിയുള്ള കാര്യങ്ങളും വളരെ രസകരമായി ഹാസ്യരൂപത്തിൽ അവതരിപ്പിക്കുന്ന ഈ ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ രഹസ്യങ്ങൾ രഹസ്യങ്ങളാണ് ചില കാരണങ്ങളാൽ എന്ന ടാഗ് ലൈനോടുകൂടി പുറത്തിറക്കിയത്. സ്പാറയിൽ ക്രിയേഷൻസ്, സഞ്ജു ജെ ഫിലിംസ് എന്നീ ബാനറിൽ സ്പാറയിൽ സഞ്ജു ജെ എന്നിവർ ചേർന്നാണ് 'സ്പാ' നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സ്വരൂപ് ഫിലിപ്പ് നിർവ്വഹിക്കുന്നു. സംഗീതം-ഇഷാൻ ഛബ്ര,ഗാനരചന-ബി കെ ഹരിനാരായണൻ, സന്തോഷ് വർമ്മ, ആനന്ദ് ശ്രീരാജ്, എഡിറ്റർ-മനോജ്, പ്രൊഡക്ഷൻ കൺട്രോളർ-സഞ്ജു ജെ, ഫൈനൽ മിക്സ് എം ആർ രാജകൃഷ്ണൻ, സൗണ്ട് ഡിസൈൻ ആൻഡ് സൗണ്ട് എഡിറ്റിങ് -ശ്രീ ശങ്കർ, പ്രൊഡക്ഷൻ ഡിസൈനർ-ഷിജി പട്ടണം, കോസ്റ്റ്യൂംസ് ഡിസൈൻ സുജിത് മട്ടന്നൂർ, മേക്കപ്പ്-പി വി ശങ്കർ, സ്റ്റണ്ട്-മാഫിയ ശശി, അസോസിയേറ്റ് ഡയറക്ടർ-ആർച്ച എസ്. പാറയിൽ, ഡി ഐ ആക്ഷൻ ഫ്രെയിംസ് മീഡിയ, കളറിസ്റ്റ് സുജിത് സദാശിവൻ, സ്റ്റിൽസ്-നിദാദ് കെ എൻ, വിഎഫ്എക്സ്- മാർജാര, പബ്ലിസിറ്റി ഡിസൈൻ- ടെൻ പോയിന്റ്. ഡിജിറ്റൽ മാർക്കറ്റിംഗ്- ഒബ്സ്ക്യൂറ എന്റർടൈൻമെന്റ്. പി ആർ ഒ എസ് ദിനേശ്.

# 'ഡർബി'




കടകൻ സിനിമയ്ക്കു ശേഷം സജിൽ മമ്പാട് സംവിധാനം ചെയ്യുന്ന പുതിയ ചിത്രം ഡർബിയുടെ ക്യാംപസ് ഗ്യാങ്ങുകളെ പരിചയപ്പെടുത്തുന്ന പുതിയ പോസ്റ്റർ സംവിധായകൻ ലിജോ ജോസ് പെല്ലിശ്ശേരി പുറത്തിറക്കി. ഡിമാൻസ് ഫിലിം ഫാക്ടറിയുടെ ബാനറിൽ മൻസൂർ അബ്ദുൽ റസാഖാണ് ഡർബിയുടെ നിർമ്മാണം നിർവഹിക്കുന്നത്. ആദം സാബിക്ക്, ഹരി ശിവറാം, അൽ അമീൻ, റിഷ് എൻ. കെ, അനു, ജസ്നിയ കെ, ജയദീഷ്, ശിവരാജ്, പ്രവീൺ, ആൻ മെർലറ്റ്, സാഗർ സൂര്യ, ഫ്രാങ്കോ ഫ്രാൻസിസ്, ഹിഫ്രാസ്, സുപർണ്ണ എസ്, ജോണി ആന്റണി, അബു സലിം, ശബരീഷ് വർമ്മ, ദിവ്യ എം നായർ, സന്തോഷ് കീഴാറ്റൂർ, പ്രദീപ് ബാലൻ, കൊല്ലം ഷാഫി, സിനോജ് വർഗ്ഗീസ്, ആർ.ജെ അന്തു, ഷിക്കു നസീർ, ഹബീബ് ഷാജഹാൻ, ഫാഹിസ് ബിൻ റിഫാഹി, മനൂപ് എന്നിവരാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ക്യാമ്പസ് പശ്ചാത്തലത്തിൽ ഒരുങ്ങുന്ന ഡർബി ഇന്നത്തെ യുവത്വത്തിന്റെ തുടിപ്പും പ്രസരിപ്പും പ്രണയം, ആക്ഷൻ, ഇമോഷൻ, ഫൺ എന്നിവ ചേർത്ത് അവതരിപ്പിക്കുന്ന ഒരു കളർഫുൾ കംപ്ലീറ്റ് എൻറർടെയ്നറായാണ് ഒരുക്കുന്നത്. ഗോപി സുന്ദറാണ് സംഗീത സംവിധാനം നിർവഹിക്കുന്നത്. സ്ട്രെയ്റ്റ് ലൈൻ സിനിമാസാണ് ചിത്രം കേരളത്തിലെ തിയേറ്ററുകളിൽ വിതരണം ചെയ്യുന്നത്.

# 'വാരണാസി'

എസ് എസ് രാജമൗലി മഹേഷ് ബാബു ചിത്രം വാരാണാസി 2027 ഏപ്രിൽ 7ന് ലോകവ്യാപകമായി റിലീസ് ചെയ്യും. ചിത്രത്തിൽ രുദ്ര എന്ന കഥാപാത്രമായി മഹേഷ് ബാബു എത്തുന്നു. മഹേഷ് ബാബു, പ്രിയങ്ക ചോപ്ര, പൃഥ്വിരാജ് സുകുമാരൻ തുടങ്ങിയവർ കേന്ദ്ര കഥാപാത്രത്തിലെത്തുന്ന ചിത്രം ശ്രീ ദുർഗ ആർട്ട്സ്,ഷോവിങ് ബിസിനസ് എന്നീ ബാനറുകളിൽ കെ.എൽ. നാരായണ, എസ്.എസ്.കാർത്തികേയ എന്നിവർ ചേർന്ന് നിർമ്മിക്കുന്നു. കീരവാണിയാണ് വാരണാസിയുടെ സംഗീത സംവിധാനം നിർവഹിക്കുന്നത്. പ്രേക്ഷകർക്ക് ദൃശ്യവിസ്മയം സമ്മാനിച്ച വാരണസിയുടെ ടീസറിന് ഗംഭീര പ്രതികരണങ്ങളാണ് ലഭിച്ചത്. ബിസിഇ 512ലെ വാരാണസി കാണിച്ചുകൊണ്ടാണ് ടീസർ തുടങ്ങുന്നത്. പിന്നീട് 2027ൽ ഭൂമിയെ ലക്ഷ്യമാക്കി വരുന്ന ശാംഭവി എന്ന ഛിന്നഗ്രഹമാണ് കാണിക്കുന്നത്. തുടർന്നങ്ങോട്ട് അന്റാർട്ടിക്കയിലെ റോസ് ഐസ് ഷെൽഫ്, ആഫ്രിക്കയിലെ അംബോസെലി വനം, ബിസിഇ 7200ലെ ലങ്കാനഗരം, വാരാണസിയിലെ മണികർണികാ ഘട്ട് തുടങ്ങിയവയെല്ലാം വിസ്മയക്കാഴ്ചകളായി ടീസർ അനാവരണം ചെയ്തിരുന്നു. പി ആർ ഓ പ്രതീഷ് ശേഖർ.

# 'കരുതൽ'

പ്രശാന്ത് മുരളിയെ നായകനാക്കി ഡ്രീംസ് ഓൺ സ്ക്രീൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ജോമി ജോസ് കൈപ്പാറേട്ട് കഥയെഴുതി സംവിധാനം ചെയ്യുന്ന 'കരുതൽ' ഫെബ്രുവരി ആറിന് പ്രദർശനത്തിനെത്തുന്നു. ഡൽഹി മലയാളി ഐശ്വര്യ നന്ദൻ നായികയാവുന്ന ഈ ചിത്രത്തിൽ കോട്ടയം രമേശ്, സുനിൽ സുഖദ, സിബി തോമസ്, ടിങ്കിൾ സൂര്യ, സോഷ്യൽ മീഡിയ താരം ആദർശ് ഷേണായി, വർഷ വിക്രമൻ തുടങ്ങിയ പ്രമുഖ താരങ്ങൾക്കൊപ്പം നിരവധി പുതുമുഖങ്ങളും അഭിനയിക്കുന്നു. ചിത്രത്തിന്റെ തിരക്കഥയെഴുതിയ സാബു ജെയിംസ് തന്നെയാണ് ഛായാഗ്രഹണവും നിർവ്വഹിച്ചിരിക്കുന്നു. മൂന്ന് രാജ്യങ്ങളിലായിട്ടാണ് (ഇന്ത്യ, യുഎസ്എ, അയർലൻഡ് ) 'കരുതലി'ന്റെ ചിത്രീകരണം പൂർത്തിയായത്.

# വർമ ഹോംസിന്റെ സെലിബ്രേഷൻ ഓഫ് ലെഗസി




**കൊച്ചി:** വർമ ഹോംസിന്റെ അഞ്ച് പദ്ധതികളുടെ കൈമാറ്റവും നാല് പുതിയ പദ്ധതികളുടെ ലോഞ്ചിംഗും ഉൾപ്പെടെ ഒൻപത് വർഷത്തെ സെലിബ്രേഷൻ ഓഫ് ലെഗസി ഗായിക കെ.എസ് ചിത്ര ഉദ്ഘാടനം ചെയ്തു. വീടെന്നത് എല്ലാവരുടെയും സ്വപ്നമാണെന്നും അത്തരം സ്വപ്നത്തിലേക്ക് ആരോഗ്യത്തോടെയുള്ള യാത്രയാകട്ടെയെന്ന് കെ. എസ് ചിത്ര പറഞ്ഞു. വർമ ഹോംസിന്റെ വെൽനസ് വില്ലേജ് വർമ വെൽഏജ് കമ്പനി ലോഗോ കെ. എസ് ചിത്ര പുറത്തിറക്കി. പുതിയ നാലു പദ്ധതികളുടെ ലോഞ്ചിംഗ് ആർക്കിടെക്ട് ജി. ശങ്കർ നിർവഹിച്ചു. പൂർത്തിയാക്കിയ അഞ്ച് പ്രൊജക്ടുകളിൽ നിന്നും അഞ്ച് ഭാഗ്യ വിജയികളെ കെ. എസ് ചിത്ര നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തു.

# സാഫ് ബാങ്ക് : പ്രവർത്തനലാഭത്തിൽ 96.77 ശതമാനത്തിന്റെ വർധനവ്

**കൊച്ചി:** തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് നടപ്പു സാമ്പത്തികവർഷത്തെ മൂന്നാം പാദത്തിൽ 7 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. മുൻവർഷത്തെ സമാനപാദത്തിൽ 211 കോടി രൂപയുടെയും നടപ്പു സാമ്പത്തികവർഷത്തെ രാംപാദത്തിൽ 115.81 കോടി രൂപയുടെയും നഷ്ടത്തിന് ശേഷമാണ് ബാങ്ക് ലാഭത്തിലേക്കുയർന്നത്. സുരക്ഷിത വായ്പകൾ, സ്വർണ വായ്പകൾ, ആസ്തി ഗുണമേന്മ തുടങ്ങിയ മേഖലകളിൽ വളർച്ച രേഖപ്പെടുത്തി. ബാങ്ക് കൈകാര്യം ചെയ്യുന്ന മൊത്തം ബിസിനസ് 10 ശതമാനം വാർഷിക വളർച്ചയോടെ 44,686 കോടി രൂപയിലെത്തി. മൊത്തം വായ്പ 13.1 ശതമാനം വളർച്ചയോടെ 20,679 കോടി രൂപയിലും ആകെ നിക്ഷേപം 7.1 ശതമാനം വളർച്ചയോടെ 24,006 കോടി രൂപയിലുമെത്തി. സുരക്ഷിത വായ്പകളിലുായ വർധനവാണ് ബാങ്കിന് നേട്ടമായത്. 149 ശതമാനം വാർഷിക വളർച്ചയോടെ 10,530 കോടി രൂപയാണ് സുരക്ഷിത വായ്പയിൽ നേടാനായത്. മൊത്തം വായ്പയിൽ 63 ശതമാനമാണ് സുരക്ഷിത വായ്പകൾ. മാർച്ചിനകം വായ്പയുടെ 70 ശതമാനവും സുരക്ഷിത വിഭാഗമാക്കാനാണ് ബാങ്ക് ലക്ഷ്യമിടുന്നതെന്ന് ഇസാഫ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ ഡോ. കെ പോൾ തോമസ് പറഞ്ഞു.

# സ്റ്റാർ ഹെൽത്ത് ഇൻഷുറൻസിന് 449 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ആരോഗ്യ ഇൻഷുറൻസ് കമ്പനിയായ സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷുറൻസ് കമ്പനി നടപ്പ് സാമ്പത്തിക വർഷത്തിന്റെ മൂന്നാം ത്രൈമാസത്തിൽ 449 കോടി രൂപ അറ്റാദായം കൈവരിച്ചു. ഇൻഡ് എഎസ് അക്കൗണ്ടിങിന് കീഴിൽ 414 ശതമാനം വാർഷിക വർധനവാണിതു സൂചിപ്പിക്കുന്നത്. മികച്ച പ്രീമിയം വർധനവ്, മികച്ച പ്രവർത്തന കാര്യക്ഷമത എന്നിവയുടെ പിൻബലത്തിലാണ് ഈ നേട്ടം കൈവരിക്കാനായത്. സ്റ്റാർ ഹെൽത്ത് സുതാര്യമായ റിപ്പോർട്ടിങിനോടുള്ള തങ്ങളുടെ പ്രതിബദ്ധത പ്രകടിപ്പിച്ചു കൊണ്ട് ഇൻഡ് എഎസ് (ഐഎഫ്ആർഎസ്ആഗോള സാമ്പത്തിക റിപ്പോർട്ടിങ് മാനദണ്ഡം) നിബന്ധനകൾക്ക് അനുസരിച്ചുള്ള റിപോർട്ടിങ് രീതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വാർഷികാടിസ്ഥാനത്തിൽ 23 ശതമാനം വർധനവോടെ 5,047 കോടി രൂപയുടെ ആകെ റിട്ടൺ പ്രീമിയമാണ് മുന്നാം ത്രൈമാസത്തിൽ കമ്പനി കൈവരിച്ചിട്ടുള്ളത്. റീട്ടെയിൽ വിഭാഗത്തിൽ വാർഷികാടിസ്ഥാനത്തിൽ 27 ശതമാനം വർധനവോടെ 4,838 കോടി രൂപയുടെ ആകെ റിട്ടൺ പ്രീമിയവും കൈവരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനായി ഡിജിറ്റൽ ഫസ്റ്റ് എന്ന രീതിയും കമ്പനി നടപ്പിലാക്കിയിട്ടുണ്ട്. സാമ്പത്തിക വർഷത്തിലെ 20 ശതമാനം സംഭാവനയും ഡിജിറ്റൽ രീതിയിലായിരുന്നു. ഉപഭോക്തൃ അനുഭവങ്ങൾ മെച്ചപ്പെടുത്താനും പ്രവർത്തന മികവു കൈവരിക്കാനും ഡിജിറ്റൽ രീതികൾ സഹായകമായിട്ടുണ്ട്. പുതിയ പോളിസികളുടെ 85 ശതമാനവും ഡിജിറ്റൽ രീതിയിലാക്കാൻ വിതരണ ആപ്പായ ആറ്റം സഹായിച്ചിട്ടുമുണ്ട്.

## ഗ്രീൻ ടഗ്ഗ് നിർമ്മാണം

# പോൾസ്റ്റാർ മാരിടൈമിന്റെ ഓർഡർ കൊച്ചിൻ ഷിപ്പ് യാർഡിന്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര കപ്പൽനിർമ്മാണശാലയായ കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിന് , 60 ടൺ ബൊള്ളാർഡ് പുൾ ശേഷിയുള്ള രണ്ട് ബാറ്ററി ഇലക്ട്രിക് ഗ്രീൻ ടഗ്ഗുകൾക്കായി പോൾസ്റ്റാർ മാരിടൈം ലിമിറ്റഡ് ഓർഡർ നൽകി. തുറമുഖ ടഗ്ഗുകൾ, തീരദേശ ടോവിംഗ്, കപ്പലുകൾക്ക് ആവശ്യമായ സഹായ സേവനങ്ങൾ, തുറമുഖങ്ങളിലെ മറ്റ് അനുബന്ധ സേവനങ്ങൾ എന്നിവയിൽ വിപണിയിലെ പ്രമുഖ കമ്പനിയാണ് പോൾസ്റ്റാർ മാരിടൈം.

രണ്ട് ബാറ്ററി ഇലക്ട്രിക് ഗ്രീൻ ടഗ്ഗുകൾ ചാർട്ടർ ചെയ്യുന്നതിനുള്ള ലേലത്തിൽ വിജയിച്ചതിനെത്തുടർന്ന്, സർക്കാരിന്റെ ഗ്രീൻ ടഗ് ട്രാൻസിഷൻ പ്രോഗ്രാമിന് കീഴിൽ ഈ ടഗ്ഗുകൾ ജവഹർലാൽ നെഹ്റു പോർട്ട് അതോറിറ്റിയിൽ പോൾസ്റ്റാർ മാരിടൈം വിന്യസിക്കും. തുറമുഖ ടഗ്ഗുകളുടെ രൂപകൽപ്പനയിൽ ലോകത്തിലെ മുൻനിര ഡിസൈൻ ഹൗസായ റോബർട്ട് അലൻ ലിമിറ്റഡിന്റെ ഡിസൈൻ അനുസരിച്ചാണ് ഈ ടഗ്ഗുകൾ നിർമ്മിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ആത്മനിർഭർ ഭാരത് സംരംഭങ്ങൾക്ക് കരുത്തുപകരുന്നതിനായി, സർക്കാർ വിജ്ഞാപനം ചെയ്ത അംഗീകൃത സ്റ്റാൻഡേർഡ് ടഗ് ഡിസൈൻ ആൻഡ് സ്പെസിഫിക്കേഷൻസ് (ASTDS) അനുസരിച്ചാണ് കൊച്ചിൻ ഷിപ്പ്‌യാർഡും അതിന്റെ അനുബന്ധ സ്ഥാപനമായ ഉഡുപ്പി സിഎസ്എല്ലും ചേർന്ന് റോബർട്ട് അലൻ ടഗ്ഗുകൾ ഇന്ത്യയിൽ അവതരിപ്പിച്ചത്.

കൊച്ചി കപ്പൽശാലയുടെ കൊച്ചിയിലുള്ള യാർഡിൽ സിഎസ്എല്ലും ഉഡുപ്പിസിഎസ്എല്ലും സംയുക്തമായാണ് ഈ കപ്പലുകൾ നിർമ്മിക്കുന്നത്. ബാറ്ററി ഇലക്ട്രിക് പ്രൊപ്പൽഷൻ സംവിധാനമുള്ള ഈ ടഗ്ഗുകൾ തുറമുഖ പ്രവർത്തനങ്ങൾക്കിടയിൽ നേരിട്ടുള്ള കാർബൺ പുറന്തള്ളൽ പൂർണ്ണമായും ഒഴിവാക്കുന്നു. 'മേയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയുടെ ഭാഗമായി ആഭ്യന്തരമായി നിർമ്മിച്ച ബാറ്ററികളാണ് ഇതിൽ ഉപയോഗിക്കുന്നത്. ഈ കരാറോടെ, സിഎസ്എൽ ഗ്രൂപ്പിൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ടഗ്ഗുകളുടെ എണ്ണം 17 ആയും ഗ്രീൻ ടഗ്ഗുകളുടെ എണ്ണം 6 ആയും ഉയർന്നു.

ജിടിടിപി ടഗ്ഗുകൾക്കായി പോൾസ്റ്റാറിൽ നിന്ന് ഓർഡർ ലഭിച്ചതിൽ സിഎസ്എല്ലിന് സന്തോഷമുണ്ടെന്ന് സിഎസ്എൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ്. നായർ പറഞ്ഞു. ഹരിത ടഗ് പരിവർത്തന പദ്ധതിക്ക് കീഴിൽ ബാറ്ററി ഇലക്ട്രിക് ടഗ്ഗുകൾ ഇന്ത്യയിൽ അവതരിപ്പിക്കുന്നതിലൂടെ സമുദ്രയാന മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാനുള്ള പ്രതിബദ്ധത ഇതിലൂടെ സിഎസ്എൽ വീണ്ടും ഉറപ്പിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# തീർത്ഥയാത്ര: റെയിൽവേ പ്രത്യേക ടൂറിസ്റ്റ് ട്രെയിൻ ഫെബ്രുവരി 24ന്

**തൃശൂർ:** രാജ്യത്തെ പുണ്യക്ഷേത്രങ്ങൾ കോർത്തിണക്കി ഇന്ത്യൻ റെയിൽവേയും ടൂർ ടൈംസും ചേർന്നൊരുക്കുന്ന എസി സ്വകാര്യ ടൂറിസ്റ്റ് ട്രെയിനിൽ ഫെബ്രുവരി 24ന് പുറപ്പെടും. പ്രമുഖ ആത്മീയഗുരു സ്വാമി ഉദിത് ചൈതന്യയുടെ സാന്നിധ്യത്തിൽ നടത്തുന്ന 12 ദിവസത്തെ ഈ യാത്ര ഗുജറാത്തിലെ പുണ്യഭൂമികളായ പഞ്ചദ്വാരക, സോമനാഥ് ജ്യോതിർലിംഗം, സമുദ്രമധ്യത്തിലെ നിഷ്കലങ്ക് മഹാദേവ് ക്ഷേത്രം തുടങ്ങിയവ സന്ദർശിക്കും. ഈ വർഷത്തെ ആറ്റുകാൽ പൊങ്കാല ദിനത്തിൽ സോമനാഥിലെ ശക്തി പീഠത്തിൽ സ്വാമി ഉദിത് ചൈതന്യയുടെ നേരിട്ടുള്ള നേതൃത്വത്തിൽ ഭക്തർക്കായി പ്രത്യേക പൊങ്കാല സമർപ്പണവും പ്രാർത്ഥനകളും ഉണ്ടായിരിക്കും. യാത്രയിലുടനീളം ഗുണനിലവാരമുള്ള ശുദ്ധമായ സസ്യാഹാരം ലഭ്യമാക്കുന്നതിനൊപ്പം ഓരോ സ്ഥലങ്ങളിലും തീർത്ഥാടകർക്ക് വിശ്രമിക്കാനായി മികച്ച താമസസൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട് .

റെയിൽവേ സ്റ്റേഷനിൽ നിന്നും ക്ഷേത്രങ്ങളിലേക്കും തിരിച്ചുമുള്ള യാത്രയ്ക്കായി പ്രത്യേക വാഹന സൗകര്യവും പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് അധികൃതർ വ്യക്തമാക്കി. തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന ട്രെയിനിൽ കൊല്ലം, കോട്ടയം എറണാകുളം, തൃശ്ശൂർ ഷോർണൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ സ്റ്റേഷനിൽ നിന്ന് യാത്രക്കാർക്ക് കയറാവുന്നതാണ്. പൂർണ്ണമായും എസി സൗകര്യമുള്ള ട്രെയിനിലെ യാത്രയ്ക്ക് സെക്കൻഡ് എസി നിരക്ക് 50,600 രൂപയും തേർഡ് എസി നിരക്ക് 42,700 രൂപയുമാണ്. കൂടുതൽ വിവരങ്ങൾക്ക് 7305858585 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.tourtimes.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.




# ഗിന്നസ് റെക്കോഡ് തിളക്കത്തിൽ സമ്മിറ്റ് ഓഫ് ഫ്യൂച്ചർ

**കൊച്ചി:** വിജ്ഞാന വിനോദ ഉത്സവ വേദിയായ കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയുടെ സമ്മിറ്റ് ഓഫ് ഫ്യൂച്ചർ രണ്ടാം പതിപ്പിന് ഗിന്നസ് റെക്കോഡ്. സമ്മിറ്റിന്റെ ഭാഗമായി 401 പേർ പങ്കെടുത്ത റിലേ സ്പീച്ചാണ് ഗിന്നസിൽ ഇടം പിടിച്ചത്.10 മണിക്കൂർ 25 മിനിറ്റുകൊണ്ടാണ് റിലേ പൂർത്തിയാക്കിയത്. സൂറത്തിൽ നടന്ന 313 പേർ പങ്കെടുത്ത റിലേ സ്പീച്ചായിരുന്നു ഇതുവരെയുള്ള റെക്കോഡ്. ഇതാണ് കൊച്ചിയിൽ നടന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചർ മറികടന്നത്. രാവിലെ ഒമ്പതിന് ആരംഭിച്ച പരിപാടി രാത്രി 7.25 ന് ആണ് സമാപിച്ചത്.

കുറഞ്ഞത് ഒരു മിനിറ്റും പരമാവധി മൂന്നു മിനിറ്റുമാണ് പ്രസംഗ സമയം. കൂടാതെ, ഒരാളുടെ പ്രസംഗ ശേഷം പത്ത് സെക്കൻഡിനുള്ളിൽ അടുത്ത പ്രസംഗം തുടങ്ങണമെന്ന മാനദണ്ഡവുമുണ്ട്. ഇവയെല്ലാം കൃത്യമായി പാലിച്ചാണ് റിലേ സ്പീച്ച് പൂർത്തിയാക്കിയത്. സമ്മിറ്റ് ഓഫ് ഫ്യൂച്ചറിന്റെ സമാപന ദിനം നടന്ന ചടങ്ങിൽ ഗിന്നസ് റെക്കോഡ് അഡ്ജൂഡിക്കേറ്റർ സ്വപ്നിൽ ദങ്കാരിക്കരിൽ




ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ്, പ്രോ വൈസ് ചാൻസിലർ പ്രൊഫ. ഡോ.ജെ ലത എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.

# ഇന്ത്യ–അറബ് വ്യാപാരം 215 ബില്യൻ ഡോളറായി ഉയരുമെന്ന് ഉച്ചകോടി



**ന്യൂഡൽഹി:** ഡൽഹിയിൽ നടന്ന ഇന്ത്യ-അറബ് ലീഗ് ഉച്ചകോടിയിൽ ഇന്ത്യ-അറബ് വ്യാപാരം 215 ബില്യൺ ഡോളറായി ഉയരുമെന്ന് ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി (ഫിക്കി) ഇൻഡോ അറബ് കൗൺസിൽ കോ ചെയറും ഇറാം ഹോൾഡിങ്സ് ചെയർമാനുമായ ഡോ. സിദ്ദീഖ് അഹമ്മദ് അഭിപ്രായപ്പെട്ടു. ന്യൂഡൽഹിയിൽ നടന്ന അറബ് ലീഗിലെ 22 രാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാരുടെയും അവരുടെ പ്രതിനിധികളും പങ്കെടുത്ത ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അറബ് ലീഗും ഇന്ത്യയും ഉഭയകക്ഷി ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിലും ഭക്ഷ്യ സുരക്ഷ, പുനരുപയോഗ ഊർജം, ഡാറ്റ സംരക്ഷണം തുടങ്ങിയ മേഖലകളെ ശക്തിപ്പെടുത്തുന്നതിൽ ധാരണയായി.

അറബ് ലീഗിനെ പ്രതിനിധീകരിച്ചു ഇന്ത്യ ആന്റ് അറബ് കൺട്രീസ് ചേംബർ ഓഫ് കോമേഴ്സ് ഇൻഡസ്ട്രീസ് ആന്റ് അഗ്രികൾച്ചർ സെക്രട്ടറി ജനറൽ ഡോ. വെയിൽ ഔവാദും ഫിക്കിയെ പ്രതിനിധീകരിച്ചു ഡോ. സിദ്ദീഖ് അഹമ്മദും ധാരണ പത്രത്തിൽ ഒപ്പുവെച്ചു. ഫിക്കി അംഗങ്ങൾക്ക് അറബ് രാജ്യങ്ങളിൽ അഞ്ചു വർഷത്തെ വിസ അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു, ഇതിലൂടെ വ്യാപാര രംഗത്ത് വൻ കുതിപ്പുാക്കാൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യ-യു.എ.ഇ ഉടമ്പടി കൊണ്ടുണ്ടായ പ്രയോജനത്തെക്കുറിച്ചും ഫെബ്രുവരി 17 മുതൽ 19 വരെ മുംബൈയിൽ വിദേശകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഗ്ലോബൽ ഇക്കണോമിക് കോഓപ്പറേഷൻ 2026 സമ്മേളനവും ഉൾപ്പെടെ ഇന്ത്യ-അറബ് സഹകരണത്തിലെ പ്രധാന പദ്ധതികളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. സാമ്പത്തിക സേവനങ്ങൾ, ഭക്ഷ്യസുരക്ഷ, ഊർജ സഹകരണം, കാർഷിക വ്യാപാരം എന്നിവയിലൂടെ അറബ് രാജ്യങ്ങളുമായി ഇന്ത്യയ്ക്കുള്ള ശക്തമായ ബന്ധം കേന്ദ്ര വിദേശകാര്യ സഹമന്ത്രി കിർതി വർധൻ സിംഗ് പ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. അറബ് രാജ്യങ്ങളിലെ ഇന്ത്യൻ നിക്ഷേപങ്ങൾ ഇന്ത്യയെ ഒരു പ്രധാന ആഗോള വ്യാപാര പങ്കാളിയായി മാറ്റുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയും അറബ് ലോകവും തമ്മിലുള്ള സാമ്പത്തികതന്ത്രപരമായ ബന്ധം ശക്തിപ്പെടുകയാണെന്ന് ഉന്നതതല ഇന്ത്യ-അറബ് ലീഗ് ഉച്ചകോടിയെന്ന് അദ്ദേഹം വ്യക്തമാക്കി.

22 അറബ് രാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാർ പങ്കെടുത്ത ഉച്ചകോടി ഇന്ത്യഅറബ് രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരം ഏകദേശം 215 ബില്യൺ ഡോളർ ആയി കണക്കാക്കപ്പെടുന്നുവെന്ന് യോഗത്തിൽ അറിയിച്ചു. ഇന്ത്യ-അറബ് ബന്ധം നൂറ്റാണ്ടുകളായുള്ള വ്യാപാരസാംസ്കാരിക ബന്ധങ്ങളിൽ ആധാരമാക്കിയതാണെന്നും ഇരു പ്രദേശങ്ങളുടെയും പരസ്പര പൂരക ശക്തികൾ, വിശ്വാസം, കാര്യക്ഷമമായ നയം നടപ്പാക്കൽ, ചെറുകിടഇടത്തരം സംരംഭങ്ങൾക്ക് പിന്തുണ നൽകുന്ന സ്ഥാപന വേദികൾ എന്നിവ ഈ പങ്കാളിത്തം മുന്നോട്ട് നയിക്കുമെന്നും മറ്റ് പ്രഭാഷകർ അഭിപ്രായപ്പെട്ടു.

# വിഗാർഡിന് 10.6 ശതമാനം വർദ്ധനവ്




**കൊച്ചി:** പ്രമുഖ കൺസ്യൂമർ ഇലക്ട്രിക്കൽസ് ആൻഡ് ഇലക്ട്രോണിക്സ് കമ്പനിയായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 2025 ഡിസംബർ 31ന് അവസാനിച്ച പാദത്തിലെ ഓഡിറ്റ് ചെയ്യാത്ത സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചു. ഈ പാദത്തിൽ പ്രവർത്തനങ്ങളിൽ നിന്നുള്ള ഏകീകൃത അറ്റാദായം 1403.51 കോടി രൂപയാണ്. മുൻ വർഷത്തെ ഇതേ കാലയളവിൽ രേഖപ്പെടുത്തിയ വരുമാനത്തേക്കാൾ (1268.65 കോടി രൂപ) 10.6 ശതമാനം വളർച്ച രേഖപ്പെടുത്തി. തൊഴിൽ നിയമത്തിലെ ഒറ്റത്തവണത്തെ സ്വാധീനം കാരണം നികുതിക്ക് ശേഷമുള്ള ലാഭം 5.2 ശതമാനം കുറഞ്ഞു .

ഈ പാദത്തിലെ സംയോജിത നികുതി ശേഷമുള്ള ലാഭം 57.06 കോടി രൂപയായി, മുൻ വർഷത്തെ ഇതേ കാലയളവിൽ രേഖപ്പെടുത്തിയ 60.22 കോടി രൂപയിൽ നിന്ന് 5.2% ഇടിവ് സംഭവിച്ചു. 2025 ഡിസംബർ 31ന് മുൻപത്തെ ഒമ്പത് മാസത്തെ പ്രവർത്തനങ്ങളിൽ നിന്നുള്ള ഏകീകൃത അറ്റാദായം 4210.51 കോടി രൂപയാണ്. മുൻ വർഷത്തെ ഇതേ കാലയളവിൽ രേഖപ്പെടുത്തിയ വരുമാനത്തേക്കാൾ (4039.74 കോടി രൂപ) 4.2% വളർച്ചയുണ്ടായി. 2025 ഡിസംബർ 31ന് മുൻപുള്ള ഒമ്പത് മാസത്തെ ഏകീകൃത നികുതിക്ക് ശേഷമുള്ള ലാഭം 196.20 കോടി രൂപയായി, മുൻ വർഷത്തെ ഇതേ കാലയളവിൽ ഇത് 222.58 കോടി രൂപയായിരുന്നു. ഇതിൽ നിന്ന് ഈ വർഷം 11.9% ഇടിവുായി. മൂന്നാം പാദത്തിൽ ബിസ്നസ് ഇരട്ടഅക്ക വളർച്ച കൈവരിച്ചെന്ന് വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു.

# ‘കാബെൽ സ്റ്റാർ സീസൺ 4’; കോഴിക്കോട് 111 പേർക്ക് നേട്ടം



**കോഴിക്കോട്:** ഇന്ത്യയിലെ മുൻനിര ഉപഭോക്തൃ ഇലക്ട്രിക്കൽ, വയർ, കേബിൾ നിർമ്മാതാക്കളായ ആർ ആർ കാബെൽ, 2025ലെ കാബെൽ സ്റ്റാർ സ്കോളർഷിപ്പ് പ്രോഗ്രാമിന്റെ വിജയികളെ കോഴിക്കോട് നടന്ന ചടങ്ങിൽ പ്രഖ്യാപിച്ചു. ഈ വർഷം പത്താം ക്ലാസ് പരീക്ഷ വിജയകരമായി പൂർത്തിയാക്കിയ ഇലക്ട്രീഷ്യൻമാരുടെ കുട്ടികൾക്കായി രൂപകൽപ്പന ചെയ്തിട്ടുള്ള സ്കോളർഷിപ്പ് പ്രോഗ്രാമിൽ ഈ വർഷം കോഴിക്കോട് നിന്ന് 111 വിദ്യാർഥികൾ യോഗ്യത നേടി.

രാജ്യവ്യാപകമായുള്ള ഏകദേശം 1,000 വിജയികളിൽ കോഴിക്കോട് നിന്നുള്ള 111 പേരെ കണ്ണൂർ റോഡിലെ സിറ്റി ഹൗസിൽ നടന്ന പ്രത്യേക ചടങ്ങിൽ ആദരിച്ചു.ഈ വർഷത്തെ വിജയികൾക്ക് പുറമേ, കാബെൽ സ്റ്റാർ സ്കോളർഷിപ്പ് പ്രോഗ്രാം സീസൺ 2 ലെ മികച്ച വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തു.

രാജ്യവ്യാപകമായി, ഇതുവരെ 4000 ത്തോളം വിദ്യാർഥികളെ 10,000 രൂപ വീതമുള്ള വ്യക്തിഗത സ്കോളർഷിപ്പുകൾക്കായി തിരഞ്ഞെടുത്തിട്ടുണ്ട്. കാബെൽ സ്റ്റാർ സ്കോളർഷിപ്പിലൂടെ, സാമ്പത്തിക സഹായത്തിനപ്പുറം സാധ്യതകളിലേക്കുള്ള വാതിലുകൾ തുറക്കുക കൂടിയാണ് ചെയ്യുന്നതെന്ന് ആർആർ ഗ്ലോബൽ ഡയറക്ടർ കീർത്തി കബ്ര പറഞ്ഞു.

